ദൂത് 5: ദൈവത്തിന്റെ സർവാധികാരത്തിൻ കീഴിലും ദൈവത്തിന്റെ കരുണയിൻപ്രകാരവും ജീവിക്കുന്നു



I. ദൈവത്തിന്റെ സർവാധികാരത്തെക്കുറിച്ചുള്ള ഒരു ദർശനം നാം കാണുന്നത് വളരെ നിർണായകമാണ്

- സർവാധികാരം എന്നത് ദൈവത്തിന്റെ പരിധിയില്ലാത്ത അധികാരത്തെയും ശക്തിയെയും പദവിയെയും സൂചിപ്പിക്കുന്നു. സർവാധികാരി എന്ന നിലയിൽ, ദൈവം എല്ലാറ്റിനും മേലും, എല്ലാറ്റിനും പിന്നിലും, എല്ലാത്തിലും ഉണ്ട്. തന്റെ ഹൃദയാഗ്രഹത്തിനും നിത്യവ്യവസ്ഥയ്ക്കും ഒത്തവണ്ണം താൻ ആഗ്രഹിക്കുന്നത് നടപ്പിലാക്കാൻ ദൈവത്തിന് പൂർണ കാര്യക്ഷമതയുണ്ട്.
  [Dan. 4:34-35] ...ഞാൻ അത്യുന്നതനായവനെ വാഴ്ത്തി, എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കയും ചെയ്തു; അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ. അവൻ... ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനാടു ചോദിപ്പാനോ ആർക്കും കഴികയില്ല

- റോമർ 9:19-23 ദൈവത്തിന്റെ സർവാധികാരത്തെ സൂചിപ്പിക്കുന്നു. നാം ആരാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്: നാം ദൈവത്തിന്റെ സൃഷ്ടികളാണ്, അവൻ നമ്മുടെ സ്രഷ്ടാവാണ്. അവന്റെ സൃഷ്ടികളെന്ന നിലയിൽ, നാം അവന്റെ ഉദ്ദേശ്യത്തെ എതിർക്കുകയോ സ്രഷ്ടാവായ അവനോട് പ്രത്യുത്തരം പറയുകയോ അരുത്. ദൈവം കുശവനും, നാം അവന്റെ കയ്യിലെ കളിമണ്ണുമാണ്; കുശവനായ ദൈവം സർവാധികാരിയാണ്. കുശവൻ എന്ന നിലയിൽ നമ്മുടെ ദൈവത്തിന് നമ്മുടെ മേൽ സമ്പൂർണ അവകാശമുണ്ട്; നമ്മോടുള്ള ബന്ധത്തിൽ, അവൻ ആഗ്രഹിക്കുന്നതെന്തും ചെയ്യാനുള്ള അവകാശം അവനുണ്ട്. ദൈവം ഇച്ഛിക്കുന്നുവെങ്കിൽ, അവന് ഒരു പാത്രം മാനത്തിനും മറ്റൊന്ന് അപമാനത്തിനും വേണ്ടി ഉണ്ടാക്കാൻ കഴിയും. തന്റെ മുൻനിർണയപ്രകാരം ദൈവം സർവാധികാരപരമായി നമ്മെ സൃഷ്ടിച്ചത് അവന്റെ പാത്രങ്ങളായിരിക്കാനാകുന്നു. തന്നെത്തന്നെ ഉൾക്കൊള്ളാൻ കാരുണാപാത്രങ്ങളെ സൃഷ്ടിച്ചുകൊണ്ട് കുശവനായ അവൻ തന്റെ തേജസ്സിന്റെ ധനം അറിയിക്കുന്നത് ദൈവത്തിന്റെ സർവാധികാരത്താലാണ്. മാനത്തിനുള്ള പാത്രങ്ങളാകുന്നത് നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമല്ല; അത് ദൈവത്തിന്റെ സർവാധികാരത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ദൈവത്തിന്റെ സർവാധികാരം അവന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമാണ്; അവന്റെ തിരഞ്ഞെടുപ്പ് അവന്റെ സർവാധികാരത്തെ ആശ്രയിച്ചിരിക്കുന്നു. തന്റെ തേജസ്സ് വെളിവാകേണ്ടതിന് തന്നെ ഉൾക്കൊള്ളുവാൻ അവൻ തിരഞ്ഞെടുത്തതും വിളിച്ചതുമായ കരുണാപാത്രങ്ങളെ ഉണ്ടാക്കാൻ തന്റെ സർവാധികാരത്തിൽ ദൈവത്തിന് അധികാരമുണ്ട്. അവന്റെ സർവാധികാരപരമായ അധികാരം അനുസരിച്ച്, അവൻ നമ്മെ തേജസ്സിനായി ഒരുക്കിയിരിക്കുന്നു. [Rom. 9:19b-21] അവന്റെ ഹിതത്തെ ആർ ചെറുത്തുനിൽക്കുന്നു? എന്ന് ചോദിക്കും. ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചോദിക്കുമോ? അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ? [Isa. 64:8] എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവു; ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രേ. [Rom. 9:23] തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

II. "'എനിക്ക് കരുണ തോന്നുന്നവരോട് എനിക്ക് കരുണ തോന്നും'...അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ"

- ദൈവത്തിന്റെ കൃപയും സ്നേഹവും കടന്നുചെല്ലുന്നതിലും അധികമായി കടന്നുചെന്നുകൊണ്ട് ദൈവത്തിന്റെ ഏറ്റവും ദൂരവ്യാപകമായ സദ്ഗുണമാണ് കരുണ. നമ്മുടെ സ്വാഭാവിക അവസ്ഥയനുസരിച്ച്, നാം ദൈവത്തിൽനിന്ന് വളരെ അകലെയായിരുന്ന്, അവന്റെ കൃപയ്ക്ക് തീർത്തും അയോഗ്യരായിരുന്നു; അവന്റെ കരുണ ലഭിക്കാൻ മാത്രമേ നാം യോഗ്യരായിരുന്നുള്ളൂ. മനുഷ്യന്റെ അനുസരണക്കേട് ദൈവത്തിന്റെ കരുണയ്ക്ക് ഒരു അവസരം നൽകുന്നു, ദൈവത്തിന്റെ കരുണ മനുഷ്യനെ രക്ഷയിലേക്ക് കൊണ്ടുവരുന്നു. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് നമ്മുടെ പ്രയത്നത്തിനും അധ്വാനത്തിനും ഒത്തവണ്ണമല്ല. അതിനു വിരുദ്ധമായി, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് കരുണ കാണിക്കുന്ന ദൈവത്തിൽനിന്നാണ്; നാം ഇച്ഛിക്കുകയോ ഓടുകയോ ചെയ്യേണ്ടതില്ല, കാരണം ദൈവം നമ്മോട് കരുണ കാണിക്കുന്നു. നമുക്ക് ദൈവത്തിന്റെ കരുണ അറിയാമെങ്കിൽ, നാം നമ്മുടെ പ്രയത്നത്തിൽ ആശ്രയിക്കുകയോ പരാജയങ്ങളിൽ നിരാശരാകുകയോ ചെയ്യില്ല; നമ്മുടെ ശോചനീയാവസ്ഥയ്ക്കുള്ള പ്രത്യാശ ദൈവത്തിന്റെ കരുണയിലാണ്.

[Matt. 9:13] എന്നാൽ “ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു”, എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്. [Eph. 2:4] എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം, [Rom. 9:16] അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ. [Heb. 4:16] അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

- നാം ദൈവത്തെ അവന്റെ പുതിയനിയമ വ്യവസ്ഥയിൽ സേവിക്കണമെങ്കിൽ, അത് പൂർണ്ണമായും ദൈവത്തിന്റെ സർവാധികാരപരമായ കാരുണയുടെ വിഷയമാണെന്ന് നാം അറിയണം. നാം ദൈവത്തിന്റെ സർവാധികാരം അറിയുന്നുവെങ്കിൽ, നാം അവന്റെ സർവാധികാരപരമായ കാരുണയിൻ കീഴിലാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവന്റെ കരുണയ്ക്കായി അവനോട് നന്ദി പറയും. നമ്മോടുള്ള ദൈവത്തിന്റെ കരുണ അവന്റെ സർവാധികാരത്തിലാണ്; നമ്മോടുള്ള ദൈവത്തിന്റെ കരുണയെ വിശദീകരിക്കാൻ നമുക്ക് പറയാൻ കഴിയുന്ന ഏക കാര്യം, അവന്റെ സർവാധികാരത്തിൽ, അവൻ നമ്മോട് കരുണയുള്ളവനായിരിക്കുവാനുള്ള തിരഞ്ഞെടുപ്പ് നടത്തി എന്നാണ്. ദൈവത്തിന്റെ സർവാധികാരപരമായ കരുണയിൽ, നമ്മുടെ ഹൃദയങ്ങൾ അവങ്കലേക്ക് ചാഞ്ഞിരിക്കുന്നു; നമ്മോടുള്ള അവന്റെ കരുണ നിമിത്തം, നാം അനുദിനം അവനെ അന്വേഷിക്കുന്നു. നമ്മോട് ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കാരുണയുടെ വിഷയമാണെന്ന് നാം എത്രയധികം കാണുന്നുവോ അത്രയധികം നാം കർത്താവിന്റെ മുമ്പാകെ നമ്മുടെ ഉത്തരവാദിത്തം വഹിക്കും; എങ്കിലും, ഉത്തരവാദിത്തം വഹിക്കാനുള്ള നമ്മുടെ സന്നദ്ധത പോലും അവന്റെ കരുണയാലാണ്. അവന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ചിടത്തോളം, ദൈവത്തിന് കരുണ തോന്നുന്നവനോട് അവന് കരുണ തോന്നും.
[Rom. 9:15] എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും.” [Rom. 9:18] അതുകൊണ്ട് അവൻ ഇച്ഛിക്കുന്നവനോട് അവന് കരുണ തോന്നുന്നു, അവൻ ഇച്ഛിക്കുന്നവനെ കഠിനപ്പെടുത്തുന്നു.

- റോമർ 9 എല്ലാം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന തത്ത്വം വെളിപ്പെടുത്തുന്നു. അവർക്ക് സംഭവിച്ചതെല്ലാം ദൈവത്തിന്റെ കാരുണയാലായിരുന്നുവെന്ന് നമുക്ക് കാണിച്ചുതന്നുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് ഈ തത്ത്വം യിസ്രായേല്യർക്ക് പ്രയോഗിച്ചു. ഒരു തവണയെങ്കിലും നാം ദൈവത്തിന്റെ കരുണ കാണുകയും നിശ്ചിതമായി അവന്റെ കരുണയെ സ്പർശിക്കുകയും വേണം. ഈ വിഷയത്തെ സംബന്ധിച്ച്, നമ്മുടെ കണ്ണുകൾ ഒരിക്കലെങ്കിലും തുറക്കപ്പെടേണ്ടതുണ്ട്; എല്ലാം ദൈവത്തിന്റെ കാരുണയെ ആശ്രയിച്ചിരിക്കുന്നുവെന്ന് ഒരിക്കല്ലെങ്കിലും നാം കാണണം. നാം ഇത് ഒരിക്കലായി കണ്ടാലും, അല്ലെങ്കിൽ ഒരു പ്രക്രിയയിലൂടെ മനസ്സിലാക്കിയാലും, ഈ വിഷയത്തെ സ്പർശിക്കുന്ന നിമിഷം, നാം സ്പർശിക്കുന്നത് ഒരു അനുഭൂതിയെയല്ല, ഒരു വസ്തുതയെയാണ്; എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് ഈ വസ്തുത.
[Rom. 11:32] ദൈവം എല്ലാവരോടും കരുണ കാണിക്കേണ്ടതിന് എല്ലാവരെയും അനുസരണക്കേടിൽ അടച്ചു വച്ചിരിക്കുന്നു.
[Lam. 3:22-23] നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.